ഉത്തരം

2014-15-ലെ സർക്കാർ ബഡ്ജറ്റിൽ കെ.എസ്.ഇ.ബി.-ക്ക് വാതകാധിഷ്ഠിത വൈദ്യുത ഉത്പാദന പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2014-15-ലെ ബോർഡിന്റെ ബഡ്ജറ്റിൽ വാതകാധിഷ്ഠിത വൈദ്യുത ഉത്പാദന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു.

അതിരപ്പിള്ളി വൈദ്യുത പദ്ധതി

48(2036) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർത്തിവച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാവിഷ്കരിക്കാൻ ആലോചനകൾ ഉണ്ടോ ;

(ബി) എങ്കിൽ, പദ്ധതി പ്രാവർത്തികമാക്കാൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) അതിരപ്പിള്ളി വൈദ്യുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ നയമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 163 MW സ്ഥാപിതശേഷിയും 233 മില്യൻ യൂണിറ്റ് വാർഷികോത്പാദനവുമുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി 2007-ൽ ലഭിച്ചിരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2010-ൽ ടി അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് മറുപടി നൽകിയിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ടി പദ്ധതി പ്രൊഫസർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ 'Western Ghat Ecological Expert Panel' (WGEEP)-ന്റെ പരിഗണനയ്ക്കായി വിട്ടു. തുടർന്ന് മന്ത്രാലയം ഡോ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പ് (HLWG)-യുടെ പരിഗണനയ്ക്ക് പ്രസ്തുത പദ്ധതി വിട്ടു. HLWG-ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതി ചില നിബന്ധനകൾക്ക് വിധേയമായി നടപ്പാക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. HLWG-യുടെ ശിപാർശ പ്രകാരം ടി പദ്ധതിയുടെ ജലലഭ്യത പുനഃപരിശോധിച്ച് മിനിമം 'ഇക്കോളജിക്കൽ ഫ്ലോ' നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള റിപ്പോർട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

49(2037) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നതിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 6-1-2011-ൽ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് 3-2-2011-ൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലും ഇത് സംബന്ധിച്ച് ജലസേചന വകുപ്പുമായി ഏർപ്പെടേണ്ട ഉഭയകക്ഷി കരാറിൽ ഏർപ്പെടാത്തതിനാൽ സർക്കാരിന്റെ ഭരണാനുമതി നൽകിയില്ല. 17-7-2013-ൽ വൈദ്യുത വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും തമ്മിൽ നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ കരട് കെ.എസ്.ഇ.ബി. 13-2-2014-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. പിന്നീട് പുതുക്കിയ ഒരു കരാറിന്റെ കരട് സർക്കാരിൽനിന്നും ബോർഡിന്റെ അഭിപ്രായത്തിനുവേണ്ടി നൽകുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകളിൽ ചിലത് ബോർഡിന് സ്വീകാര്യമല്ലാത്തതിനാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് ജലസേചനവകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ധാരണ ആയതിനുശേഷം സർക്കാരിനെ അറിയിക്കാനാണ് ബോർഡ് തീരുമാനിച്ചത്. എന്നാൽ ഇതുസംബന്ധിച്ച ചർച്ച ഇതുവരെ പ്രാവർത്തികമാകാത്തതിനാൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

ബോർഡ് 2011-ൽ നൽകിയ ഭരണാനുമതി 2010-ലെ പൊതുമരാമത്ത് വകുപ്പ് നിരക്കിന്റെ അടിസ്ഥാനത്തിലായിരുന്നു. 18-5-2015-ൽ CPWD-2014 നിരക്കിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly